# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 112** **28.05.2019-ൽ മറുപടിക്ക്**

**<u>തീവ്രവാദം ചെറുക്കുവാൻ നടപടി</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.പി.സി. ജോർജ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ശ്രീലങ്കയിൽ ഉണ്ടായ തീവ്രവാദി ആക്രമണങ്ങളുടെ പശ്ചാത്തലത്തിൽ കേരളത്തിലെ ആരാധനാലയങ്ങളുടെ സുരക്ഷക്കായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (എ) ശ്രീലങ്കയിൽ ഉണ്ടായ തീവ്രവാദി ആക്രമണങ്ങളുടെ പശ്ചാത്തലത്തിൽ തന്ത്ര പ്രധാന കെട്ടിട സമുച്ചയങ്ങളുടെ പരിസരത്തും, ആരാധനാലയങ്ങളിലും പരിശോധനകൾ കർശനമാക്കാൻ എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുജനങ്ങളെയും, ആരാധന കേന്ദ്രങ്ങളിലെ ഭാരവാഹികളെയും, റസിഡന്റ്സ് അസ്സോസിയേഷനുകളെയും മറ്റും പങ്കെടുപ്പിച്ചുകൊണ്ട് അപരിചതരെയും മറ്റും നിരീക്ഷിക്കുന്നതിനും അസ്വാഭാവികമായി എന്തെങ്കിലും കാണപ്പെട്ടാൽ ആയത് ബന്ധപ്പെട്ട ഉദ്യാഗസ്ഥരെ അറിയിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ രഹസ്യ പോലീസിന്റെ സേവനം ഉറപ്പ് വരുത്തിയിട്ടുള്ളതും, പട്രോളിംഗ് ഉൾപ്പെടെയുള്ള മതിയായ സുരക്ഷാ സംവിധാനങ്ങൾ കർശനമായി നടപ്പാക്കിയിട്ടുള്ളതുമാണ്. |
| (ബി) യുവാക്കൾ തീവ്രവാദ ഗ്രൂപ്പുകളിൽ ചേരുന്നത് തടയുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ? | (ബി) യുവാക്കൾ തീവ്രവാദ ഗ്രൂപ്പുകളിൽ ചേരുന്നത് തടയുവാനായി സംസ്ഥാന ഇന്റലിജൻസിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തുടനീളം Counter |

Radicalization പ്രോഗ്രാമുകൾ നടത്തി വരുന്നു. കൂടാതെ എല്ലാ ജില്ലാ പോലീസ് മേധാവിമാരുടെ കീഴിലും പ്രത്യേക നിരീക്ഷണത്തിനായി Internal Security Cell പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ